**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2488** 19.12.2012-ൽ മറുപടിക്ക്

# റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റ് പ്രവർത്തിപ്പിക്കുന്ന മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും റേഡിയോ തെറാപ്പി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഓരോ മെഡിക്കൽ കോളേജിലും ശരാശരി എത്ര രോഗികൾ ക്യാൻസർരോഗ ചികിത്സയുമായി ബന്ധപ്പെട്ട് പ്രതിവർഷം എത്തിച്ചേരുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത് ; | (ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ക്യാൻസർ രോഗ ചികിൽസയുമായി ബന്ധപ്പെട്ട് പ്രതിവർഷം എത്തുന്ന പുതിയ രോഗികൾ താഴെ പറയും പ്രകാരമാണ്.<br><br>തിരുവനന്തപുരം – 2300 മുതൽ 2500 വരെ<br>ആലപ്പുഴ – 1160<br>കോട്ടയം – 2800 മുതൽ 3100 വരെ<br>തൃശൂർ – 3000<br>കോഴിക്കോട് – 4200. |

(സി) മെഡിക്കൽ കോളേജ് റേഡിയോ തെറാപ്പി വിഭാഗത്തിൽ ചികിൽസയ്ക്കെത്തുന്ന രോഗികൾക്ക് ആധുനിക ചികിൽസ രീതികൾ ലഭ്യമാക്കുവാനുള്ള നൂതന സാങ്കേതിക വിദ്യാധിഷ്ഠിതമായ എന്തെല്ലാം ഉപകരണങ്ങളാണ് ഓരോ മെഡിക്കൽ കോളേജുകളിലും ഉള്ളതെന്നു വ്യക്തമാക്കുമോ ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ റേഡിയോ തെറാപ്പി വിഭാഗത്തിൽ ലഭ്യമായ ആധുനിക ഉപകരണങ്ങൾ താഴെ പറയും പ്രകാരമാണ്.

**തിരുവനന്തപുരം**

കൊബാൾട്ട് മെഷീൻ – 2 എണ്ണം.
ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റം – 1 എണ്ണം.

**ആലപ്പുഴ**

ടെലികൊബാൾട്ട് എൽ.സി.ആർ ബ്രാക്കി തെറാപ്പി

**കോട്ടയം**

ഡ്യുവൽ ഫോട്ടോ എനർജി ലീനിയർ ആക്സിലറേറ്റർ, റ്റെലികൊബാൾട്ട് തെറാപ്പി, എച്ച്.ഡി.ആർ. ബ്രാങ്കി തെറാപ്പി, ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റം (2 എണ്ണം)
കൺവെൻഷണൽ സ്റ്റിമുലേറ്റർ, സി.ആം. എക്സ് റേ മെഷീൻ.

**തൃശ്ശൂർ**

ടെലികൊബാൾട്ട് മെഷീൻ, എച്ച്.ഡി.ആർ. ആഫ്റ്റർ ലോഡിംഗ് സിസ്റ്റം.

**കോഴിക്കോട്**

ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുന്ന ജോലി പുരോഗമിക്കുന്നു.
ടെലികൊബാൾട്ട് മെഷീൻ 2 എണ്ണം, ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റം, എച്ച്.ഡി.ആർ ബ്രാങ്കി തെറാപ്പി, എക്സ് റേ സ്റ്റിമുലേറ്റർ എന്നിവയും പ്രവർത്തിക്കുന്നു.

(ഡി) 2011-2012 സാമ്പത്തിക വർഷവും 2012-2013 സാമ്പത്തിക വർഷവും **ഓരോ മെഡിക്കൽ കോളേജുകളിലെയും റേഡിയോ തെറാപ്പി വിഭാഗങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ എന്തു തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;**

(ഡി) 2011-2012, 2012-2013 വർഷങ്ങളിൽ സർക്കാർ മെഡിക്കൽ കോളേജുകളിലെ റേഡിയോതെറാപ്പി സൗകര്യം വർദ്ധിപ്പിക്കാൻ ചെലവഴിച്ച തുകയുടെ വിവരം താഴെ പറയുന്നു.

**തിരുവനന്തപുരം** – ഇല്ല

**ആലപ്പുഴ** –2011-2012 ൽ 108220297 രൂപ (ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുന്നതിന്) 2012-2013 ൽ 6 കോടി (കേന്ദ്ര സഹായമായി) ഇതിൽ 1.20 കോടി രൂപ സംസ്ഥാന വിഹിതമാണ്.

**കോട്ടയം** – 2011-2012 ൽ 25 ലക്ഷം രൂപ. 2012-2013 ൽ 6 കോടി (കേന്ദ്ര സഹായമായി) ഇതിൽ 1.20 കോടി രൂപ സംസ്ഥാന വിഹിതമാണ്.

**തൃശൂർ** – ഇല്ല.

**കോഴിക്കോട്** –2011-2012-ൽ 10 കോടി രൂപ.

(ഇ) ക്യാൻസർ രോഗികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി വിഭാഗം കാര്യക്ഷമമാക്കുവാനും ശക്തിപ്പെടുത്തുവാനും ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ഇ) സാമ്പത്തിക പരിമിതികൾക്കുള്ളിൽ റേഡിയോ തെറാപ്പി വിഭാഗം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്

(എഫ്) റേഡിയോ തെറാപ്പി വിഭാഗം ശക്തിപ്പെടുത്തുവാനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാനും ലക്ഷ്യമിട്ട് ഓരോ മെഡിക്കൽ കോളേജിൽ നിന്നും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്നും, അതിൽ കൈക്കൊണ്ട നടപടികളെന്തെന്നും വിശദമാക്കുമോ ;

(എഫ്) റേഡിയോ തെറാപ്പി വിഭാഗം ശക്തിപ്പെടുത്തുവാൻ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്ന് ലഭിച്ച താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

1. **തിരുവനന്തപുരം** – ഒരു ലീനിയർ ആക്സിലറേറ്റർ, ഒരു സ്റ്റിമുലേറ്റർ, ഒരു ബ്രാങ്കി തെറാപ്പി യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ
2. **ആലപ്പുഴ** – ഇല്ല.
3. **കോട്ടയം** – അടിസ്ഥാന സൗകര്യ വികസനം, അധിക തസ്തിക സൃഷ്ടിക്കുക, നൂതന മെഷീനുകൾ വാങ്ങുക, സർജിക്കൽ ഓങ്കോളജി വിഭാഗം തുടങ്ങുക എന്നി നിർദ്ദേശങ്ങൾ
4. **തൃശൂർ** – ഇല്ല.
5. **കോഴിക്കോട്** – ഇല്ല.

**(P.T.O)**

(ജി) ആർ.സി.സി. ദേശീയ പ്രാധാന്യമുള്ള ചികിത്സാ ഗവേഷണ സ്ഥാപനമായി വളരുമ്പോൾ സംസ്ഥാനത്തെ സാധാരണക്കാരായ രോഗികൾക്ക് പ്രാദേശികമായി തന്നെ നിലവാരമുള്ള ക്യാൻസർരോഗ ചികിത്സ ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി വിഭാഗം ശക്തിപ്പെടുത്തുവാൻ സർക്കാരിന്റെ മുന്നിലുള്ള കർമ്മപദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

(ജി) ആധുനിക ചികിത്സാ സമ്പ്രദായങ്ങൾ ഏർപ്പെടുത്തി മെച്ചപ്പെട്ട ക്യാൻസർ രോഗ ചികിത്സ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ സാമ്പത്തിക പരിമിതികളും ഓരോ സ്ഥലത്തും ലഭ്യമായ മറ്റു ക്യാൻസർ രോഗ ചികിത്സ സൗകര്യങ്ങളും കണക്കിലെടുത്താണ് ഓരോ സർക്കാർ മെഡിക്കൽ കോളേജുകൾക്കും മുൻഗണന നൽകിവരുന്നത്.

കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി വിഭാഗങ്ങളെ ടേർഷ്യറി ക്യാൻസർ സെന്ററുകളാക്കി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി വിഭാഗങ്ങളെ ഈ പദവിയിലേക്ക് ഉയർത്തുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുമുണ്ട്. ആയതിലേയ്ക്ക് 4.8 കോടി രൂപ വീതം ടി കോളേജുകൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിന് ഈ അംഗീകാരം ഉടനടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ